**<u>ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം</u>**

ഡോ സുമി ചെറിയാൻ KAS

ക്ഷീരവികസന വകുപ്പ് -ജീവനക്കാര്യം- ഹെഡ് ക്ലാർക്ക്, ശ്രീമതി ജയന്തി എ.ബി-ക്ക് (പെൻ:**353530**) ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ക്ഷീരവികസന വകുപ്പ്

DDDKER/1593/2026-E2 തിരുവനന്തപുരം:01-07-2026

---

പരാമർശം-
1) ഈ ഓഫീസിലെ **17.06.2026**ലെ ഇതേ നമ്പർ ഉത്തരവ്.
2) പാലക്കാട് ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ **22.06.26**ലെ DDPKD/547/2026-CA നമ്പർ ഉത്തരവ്.
3) ശ്രീമതി ജയന്തി എ.ബി.-യുടെ **01.07.2026**ലെ സമർപ്പണം.

**<u>ഉത്തരവ്</u>**

ക്ഷീരവികസന വകുപ്പ് പാലക്കാട് ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ, ഹെഡ് ക്ലാർക്ക് ശ്രീമതി ജയന്തി എ.ബി-ക്ക് (പെൻ:**353530**), ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി, ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമിച്ച് പരാമർശം **(1)** പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ഹെഡ് ക്ലാർക്ക് തസ്തികയിലെ ചുമതലകളിൽ നിന്നും ടിയാളെ **22.06.2026** അപരാഹ്നം വിടുതൽ ചെയ്ത് പരാമർശം **(2)** പ്രകാരം ഉത്തരവായിട്ടുണ്ട്.

ജൂനിയർ സൂപ്രണ്ട് തസ്തികയിൽ **01.07.2026** പൂർവ്വാഹ്നം പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം **(3)** പ്രകാരം ശ്രീമതി ജയന്തി എ.ബി, അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ശ്രീമതി ജയന്തി എ.ബി-ക്ക്, **01.07.2026** പൂർവ്വാഹ്നം പ്രാബല്യത്തിൽ, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയും, **'സി'** സെക്ഷന്റെ ചുമതല നൽകിയും ഉത്തരവാകുന്നു.

ശ്രീമതി ജയന്തി എ.ബി, **'സി'**-സെക്ഷന്റെ ചുമതല ശ്രീമതി ഉദയ.എൽ ആർ, ജൂനിയർ സൂപ്രണ്ടിന്റെ, പക്കൽ നിന്നും ഏറ്റെടുക്കേണ്ടതാണ്.

ഡോ സുമി ചെറിയാൻ KAS
പെൻ:**636653**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Digitally signed by
Sumi Cherian
Date: 01-07-2026
15:50:46

1.ശ്രീമതി ജയന്തി എ.ബി
ജൂനിയർ സൂപ്രണ്ട്.

2.ശ്രീമതി ഉദയ എൽ.ആർ
ജൂനിയർ സൂപ്രണ്ട്.

പകർപ്പ്-
1) ഡയറക്ടറുടെ മേശപ്പുറത്ത്
2) ജോയിന്റ് ഡയറക്ടർ (ജനറൽ)
3) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
4) ഡെപ്യൂട്ടി ഡയറക്ടർ (പാലക്കാട്)
5) എ / ഇ സെക്ഷൻ സൂപ്രണ്ടുമാർക്ക്
6) എ.1(സ്പാർക്ക്)/ സി.1/ സി.2 / സി.3 സീറ്റുകൾക്ക്
7) ഡി.എഫ്.ഐ- ഐ.റ്റി സെൽ